വില്ലേജാഫീസുകളിൽ നിന്ന് വിവിധ സർട്ടിഫിക്കറ്റുകൾ ഉച്ചയ്ക്കുശേഷം നൽകേണ്ടതില്ലെന്ന തീരുമാനം

138 (2161) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസുകളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ ഉച്ചയ്ക്കുശേഷം നൽകേണ്ടതില്ലെന്ന് നിയമമോ തീരുമാനമോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ കാര്യത്തിൽ മാറ്റംവരുത്തുമോ ;

(സി) ഇത്തരമൊരു തീരുമാനമോ നിയമമോ ഇല്ലെങ്കിൽ ഇത്തരം സമീപനം കൈക്കൊള്ളുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വില്ലേജാഫീസുകളിൽ നിന്ന് വിവിധ സർട്ടിഫിക്കറ്റുകൾ ഉച്ചയ്ക്കുശേഷം നൽകേണ്ടതില്ലെന്ന് നിയമമോ തീരുമാനമോ ഇല്ല.

(സി) ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

മാള മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത വില്ലേജ് ഓഫീസുകൾ

139 (2162) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത എത്ര വില്ലേജ് ആഫീസുകൾ മാള നിയോജകമണ്ഡലത്തിലുണ്ട് ; അവയ്ക്ക് സ്ഥലം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ സ്ഥലം ലഭ്യമായ വില്ലേജുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) രണ്ട്.

(കുരുവിലശ്ശേരി, വടക്കുംഭാഗം) സ്ഥലം ലഭ്യമായിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly